# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1054 — 13/06/2013 ൽ മറുപടിക്ക്

**എസ്.എസ്.എ. സൗജന്യ യൂണിഫോം വിതരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലകളിൽ എത്രാം ക്ലാസ് വരെയാണ് എസ്.എസ്.എ സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നത്; | എ) സംസ്ഥാനത്ത് സർക്കാർ മേഖലകളിൽ 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്കും എ.പി.എൽ വിഭാഗം ഒഴികെയുള്ള ആൺകുട്ടികൾക്കും എസ്.എസ്.എ വഴി സൌജന്യ യൂണിഫോം വിതരണം ചെയ്യുന്നു. ഈ അദ്ധ്യയന വർഷം മുതൽ എയിഡഡ് മേഖലയിലെ സമാന കാറ്റഗറിയിലെ വിദ്യാർത്ഥികൾക്കും യൂണിഫോം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) ഈ അധ്യയന വർഷം സൗജന്യ യൂണിഫോം വിതരണത്തിന് എസ്.എസ്.എ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ; | ബി) ഡയസ് ഡേറ്റാ പ്രകാരം ബി.ആർ.സി തലത്തിൽ കുട്ടികളുടെ എണ്ണം കണക്കാക്കി യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| സി) ഇതിന്റെ ഭാഗമായി ഒരു വിദ്യാർത്ഥിക്ക് എത്ര രൂപ ചെലവാക്കേണ്ടി വരും എന്ന് വിശദമാക്കുമോ? | സി) ഒരു വിദ്യാർത്ഥിക്ക് 2 സെറ്റ് യൂണിഫോമിന് 400/- രൂപ എന്ന നിരക്കിൽ ചെലവ് വരുന്നതാണ്. |

സെക്ഷൻ ഓഫീസർ